# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5097 **23/03/2018**-ലെ മറുപടി

## മൂർക്കനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ്, മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകൾക്ക വേണ്ടിയാണ് മൂർക്കനാട് കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകളിലെ വിതരണശൃംഖല ഒഴികെയുള്ള ഘടകങ്ങൾ 13.02.2016-ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്.<br>മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകളിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ട അനുമതി ലഭിക്കാതിരുന്നതു കാരണമാണ് പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടത്. പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിൽ ഒടുക്കേണ്ടതായ തുക 07.11.2017-ൽ ഒടുക്കിയിട്ടുള്ളതാണ്. നിലവിൽ റോഡ് കുഴിച്ച് പൈപ്പിടുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ബാക്കി പണികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ നടപ്പിലാക്കിയതും നിലവിൽ നടന്ന് വരുന്നതും ഭാവിയിൽ | (ബി) | മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണർ, 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല |

| | | | |
|---|---|---|---|
| | ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കാമോ; | | ഉപരിതല ജലസംഭരണികൾ, ഭൂതലജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ് എന്നിവിടങ്ങളിലെ വിതരണശൃംഖല എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകളിലെ വിതരണശൃംഖലയുടെ പണികളാണ് പൂർത്തീകരിക്കാനുള്ളത്. ഇതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| (സി) | വരൾച്ചാ കാലം മുൻകൂട്ടി കണ്ട് ജലലഭ്യതയ്ക്കായി എന്തെല്ലാം നടപടികളാണ് മൂർക്കനാട് കുടിവെള്ള പദ്ധതിയിലൂടെ ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (സി) | മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇനി പൂർത്തികരിക്കാനുള്ള മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകളിലെ വിതരണശൃംഖലയുടെ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |

Renuka Sankar

സെക്ഷൻ ഓഫീസർ